**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4012** **15-07-2022 - ൽ മറുപടിയ്ക്ക്**

**പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികളുടെ ഭാഗമായുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ മൂലം പഞ്ചായത്ത് റോഡുകൾ തകർന്ന് വാഹനഗതാഗതവും കാൽനടയാത്രയും ദുഷ്കരവും അപകടകരവുമായി മാറിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പാവറട്ടി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തു കളിലെ എല്ലാ വാർഡുകളിലെയും റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതു സംബന്ധിച്ച കരാറിന് 2023 വരെ കാലാവധി ഉള്ളതിനാലും 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയാത്ത സാഹചര്യമുണ്ട്. പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിലെ തകർന്ന റോഡുകൾ പുനർനിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പാവറട്ടി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തു കളിലെ എല്ലാ വാർഡുകളിലെയും റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതു സംബന്ധിച്ച കരാറിന് 2023 വരെ കാലാവധി ഉള്ളതിനാലും 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയാത്ത സാഹചര്യമുണ്ട്. പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ